# മധുരമായ കുട്ടികളെ– ഇത് നരനിൽ നിന്നും നാരായണനാകുന്നതിനുള്ള പാഠശാല യാണ്, പഠിപ്പിക്കുന്നത് സ്വയം സത്യമായ അച്ഛൻ, സത്യമായ ടീച്ചർ, സത്ഗുരുവാണ്, നിങ്ങൾ ഈ നിശ്ചയത്തിൽ പക്കാ ആയിരിക്കണം.

**ചോദ്യം–** നിങ്ങൾ കുട്ടികൾക്ക് ഏതൊരു കാര്യത്തിന്റെ അൽപം പോലും ചിന്ത ഉണ്ടാകരുത്? എന്തു കൊണ്ട്?

**ഉത്തരം–** മുന്നോട്ട് പോകവെ ആർക്കെങ്കിലും ഹൃദയ സ്തംഭനം ഉണ്ടാകുന്നു, ശരീരം വിടുകയാണെ ങ്കിൽ നിങ്ങൾക്ക് ചിന്ത ഉണ്ടാകരുത്, കാരണം നിങ്ങൾക്കറിയാം ഒരോരുത്തർക്കും അവരവരുടെ പാർട്ട ഭിനയിക്കണം. നിങ്ങൾക്ക് സന്തോഷം ഉണ്ടായിരിക്കണം ആത്മാവ് ജ്ഞാന–യോഗത്തിന്റെ സംസ്ക്കാര വുമായി പോയി ഭാരതത്തിന്റെ ശ്രേഷ്ഠ സേവനം ചെയ്യും. ചിന്തയുടെ കാര്യമില്ല. ഇത് ഡ്രാമയുടെ ഭാവിയാണ്.

**ഗീതം–** അങ്ങ് തന്നെയാണ് മാതാവും പിതാവും.....

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു, കുട്ടികൾക്കറിയാം ബാബയും കുട്ടികളെ എന്നാണ് വിളിക്കുന്നത്, ഈ ബാപ്ദാദാ രണ്ടു പേരും ഒന്നിച്ചാണ്. ആദ്യം ബാപ്ദാദാ, പിന്നെ കുട്ടികൾ, ഇത് പുതിയ രചനയായില്ലേ, ബാബ രാജയോഗവും പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. 5000 വർഷങ്ങൾക്ക് മുമ്പത്തെ പോലെ വീണ്ടും നമ്മെ രാജയോഗം പഠിപ്പിച്ചു കൊണ്ടിരിക്കുന്നു. ഭക്തി മാർഗ്ഗത്തിൽ അതിനെ പുസ്തകമാക്കി ഗീത എന്ന് പേരിട്ടു. എന്നാൽ ഈ സമയത്ത് ഗീതയുടെ കാര്യമേയില്ല. ഈ ശാസ്ത്രം പിന്നീട് ഉണ്ടാക്കി അതിനെ പേരിട്ടു ശ്രീമത് ഭഗവത് ഗീത, സഹജരാജയോഗത്തിന്റെ പുസ്തകം. ഭക്തി മാർഗ്ഗത്തിലെ പുസ്ത കങ്ങൾ പഠിക്കുന്നതിലൂടെ യാതൊരു നേട്ടവുമുണ്ടാകില്ല. ശിവനെ തിരിച്ചറിയാതെ ഓർമ്മിക്കുന്നതിലൂടെ സമ്പത്തൊന്നും ലഭിക്കില്ല. കേവലം സംഗമയുഗത്തിലാണ് സമ്പത്ത് ലഭിക്കുന്നത്. ബാബ പരിധിയില്ലാത്ത സമ്പത്ത് നല്കുന്നവനാണ്, നല്കുന്നതും സംഗമയുഗത്തിലാണ്. ബാബ രാജയോഗം പഠിപ്പിക്കുന്നു. സന്യാ സിമാരും പഠിപ്പിക്കുന്നുണ്ട്, എന്നാൽ അതും ഇതും തമ്മിൽ രാപകൽ വ്യത്യാസമുണ്ട്. അവരുടെ ബുദ്ധി യിൽ ഗീതയാണ്, മനസ്സിലാക്കുന്നു കൃഷ്ണൻ ഗീത കേൾപ്പിച്ചുവെന്നാണ്. വ്യാസൻ എഴുതി. എന്നാൽ ഗീത കൃഷ്ണനല്ല കേൾപ്പിച്ചത്, ആ സമയത്ത് കൃഷ്ണൻ ഉണ്ടായിരുന്നുമില്ല. കൃഷ്ണന്റെ രൂപവുമില്ല. ബാബ സർവ്വ കാര്യങ്ങളും വിശദമായി മനസ്സിലാക്കി തരുന്നു, പറയുന്നു– നിങ്ങൾ നിർണ്ണയിക്കൂ എന്ന്. ബാബയുടെ പേര് പ്രശസ്തമാണ്. സത്യം കേൾപ്പിക്കുന്നവനേ നരനിൽ നിന്നും നാരായണനാക്കാൻ സാധിക്കൂ. നിങ്ങൾക്കറിയാം നമ്മൾ നരനിൽ നിന്നും നാരായണനാകുന്നതിന് വേണ്ടി ഈ പാഠശാലയിൽ അഥവാ രുദ്രജ്ഞാന യജ്ഞത്തിൽ ഇരിക്കുന്നു. ശിവബാബ എന്ന അക്ഷരം നല്ലതാണ്. ബാബയും ദാദയും ഒരുമിച്ചാണ്. ഈ നിശ്ചയത്തോടെയാണ് നിങ്ങൾ വന്നിരിക്കുന്നത്. ബാബ ബ്രഹ്മാവിലൂടെ സർവ്വ വേദ ശാസ്ത്രങ്ങളുടെയും സാരം മനസ്സിലാക്കി തരുന്നു, പറഞ്ഞു തരുകയാണ് – ഞാൻ നിങ്ങളെ ത്രികാല ദർശിയാക്കി കൊണ്ടിരിക്കുന്നു. നിങ്ങൾ ത്രിലോകിനാഥ് ആകുന്നില്ല. നിങ്ങൾ കേവലം ശിവപുരിയുടെ നാഥനായി തീരുന്നു. അതിനെ ലോകമെന്നു പറയില്ല. മനുഷ്യ സൃഷ്ടിയെയാണ് ലോകമെന്നു പറയുന്ന ത്. മനുഷ്യ ലോകം ചൈതന്യ ലോകമാണ്, അതാണ് നിരാകാരി ലോകം. നിങ്ങൾക്ക് കേവലം ത്രിലോക ത്തിനെ കുറിച്ചുള്ള അറിവ് കേൾപ്പിക്കുന്നു, ത്രിലോകത്തിന്റെ നാഥനാക്കുന്നില്ല. മൂന്നു ലോകങ്ങളെ കുറി ച്ചുള്ള അറിവ് ലഭിക്കുന്നു അതിനാൽ ത്രിലോകദർശിയെന്നു പറയുന്നു. ലക്ഷ്മീ നാരായണനെ പോലും ത്രിലോകീനാഥ് എന്നു പറയില്ല. വിഷ്ണുവിനെയും ത്രിലോകിനാഥ് എന്ന് പറയില്ല. വിഷ്ണുവിന് മൂന്നു ലോകങ്ങളെ കുറിച്ചുള്ള ജ്ഞാനമേയില്ല. ലക്ഷ്മീ നാരായണൻ ചെറുപ്പത്തിൽ രാധയും കൃഷ്ണനുമായി രുന്നു, അവർക്ക് ത്രിലോകത്തെ കുറിച്ചുള്ള ജ്ഞാനമേയില്ല. നിങ്ങൾ ത്രികാലദർശിയാകണം. ജ്ഞാനം നേടണം. ബാക്കി കൃഷ്ണനെ കുറിച്ച് പറയുന്നു– ത്രിലോകീനാഥനായിരുന്നുവെന്ന്, എന്നാൽ അല്ല. രാജ്യം ഭരിക്കുന്നവരെയാണ് മൂന്നു ലോകങ്ങളുടെയും നാഥൻ എന്നു പറയുന്നത്. കൃഷ്ണൻ കേവലം വൈകു ണ്ഠനാഥനായി തീരുന്നു, സത്യയുഗത്തെയാണ് വൈകുണ്ഠം എന്നു പറയുന്നത്. ത്രേതായുഗത്തെ വൈകു ണ്ഠമെന്നു പറയില്ല. ഈ ലോകത്തിന്റെ നാഥനാകാൻ നമുക്ക് സാധിക്കില്ല. ബാബയും കേവലം ബ്രഹ്മ മഹതത്വത്തിന്റെ നാഥനാണ്. നമ്മൾ ആത്മാക്കൾ വസിക്കുന്ന ബ്രഹ്മാണ്ഡത്തിന്റെയും അധികാരിയാണ്. ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻ സൂക്ഷ്മ വതനത്തിൽ വസിക്കുന്നവരാണ് അതിനാൽ അവരെ അതിന്റെ നാഥനെന്നു പറയാം. നിങ്ങൾ വൈകുണ്ഠനാഥനായി തീരുന്നു. അത് സൂക്ഷ്മ വതനത്തിന്റെ കാര്യം, ഇത് മൂല വതനത്തിന്റെ കാര്യം. കേവലം നിങ്ങൾക്കേ ത്രികാലദർശിയാകാൻ സാധിക്കൂ. നിങ്ങളുടെ മൂന്നാ

മത്തെ നേത്രം തുറക്കപ്പെട്ടു. ഭ്രൂ മദ്ധ്യത്തിൽ മൂന്നാമത്തെ നേത്രം കാണിക്കുന്നു, അതിനാൽ ത്രിനേത്രി യെന്നു പറയുന്നു. എന്നാൽ ഈ ലക്ഷണം ദേവതമാർക്കാണ് നല്കുന്നത് കാരണം നിങ്ങളുടെ അവസ്ഥ കർമ്മാതീതമാകുമ്പോൾ നിങ്ങൾ ത്രിനേത്രിയായി തീരുന്നു. അത് ഈ സമയത്തെ കാര്യമാണ്. ബാക്കി അവർ ജ്ഞാനത്തിന്റെ ശംഖ് മുഴക്കുന്നില്ല. അവർ സ്ഥൂലശംഖാണ് കാണിച്ചിരിക്കുന്നത്. ഇത് മുഖത്തിന്റെ കാര്യമാണ്. ജ്ഞാനത്തിലൂടെ നിങ്ങൾ ശംഖ് മുഴക്കുന്നു. അറിവ് പഠിച്ചു കൊണ്ടിരിക്കുന്നു. ഏതു പോലെയാണോ വലിയ യൂണിവേഴ്സിറ്റിയിൽ പഠിക്കുന്നത്. ഇതാണ് പതിത–പാവനനായ ഗോഡ് ഫാദർലി യൂണിവേഴ്സിറ്റി. നിങ്ങൾ എത്ര വലിയ യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥികളാണ്. അതോടൊപ്പം ഇതും നിങ്ങൾക്കറിയാം നമ്മുടെ ബാബ അച്ഛനുമാണ്, ടീച്ചറുമാണ്, സത്ഗുരുവുമാണ്. സർവ്വതുമാണ്. ഈ മാതാ പിതാവ് സദാ സുഖം നല്കുന്നവരാണ്. അതിനാൽ പറയുന്നു അങ്ങ് തന്നെയാണ് മാതാവും പിതാവും.... ഇതാണ് സാക്രീൻ, വളരെ മധുരമായത്. ദേവതമാരെ പോലെ മധുരമായി മറ്റാരും ഉണ്ടാകുകയില്ല. കുട്ടികൾക്കറിയാം ഭാരതം വളരെ സുഖിയായിരുന്നു, ആരോഗ്യവും, സമ്പത്തുമുണ്ടായിരുന്നു. തീർത്തും പവിത്രമായിരുന്നു. പറഞ്ഞിരുന്നു– നിർവ്വികാരി ഭാരതം. എന്നാൽ ഇപ്പോൾ പറയില്ല. ഇപ്പോൾ വികാരി പതിതമെന്നു പറയും. ബാബ എത്ര സഹജമായി മനസ്സിലാക്കി തരുന്നു. ബാബയെയും സമ്പത്തിനെയും മനസ്സിലാക്കുന്നു. ബാബ എത്ര മധുരമുള്ളതാക്കി മാറ്റുന്നു. നിങ്ങളും ഫീൽ ചെയ്യുന്നു– എനിക്ക് ശ്രീമത്തനുസരിച്ച് പഠിക്കണം, പഠിപ്പിക്കണം. ഇത് തന്നെയാണ് കർത്തവ്യം. ബാക്കി ജന്മ ജന്മാന്തരങ്ങളിലെ കർമ്മ കണക്ക് നിറയെയുണ്ട്. ഉദാഹരണത്തിനായി ആർക്കെങ്കിലും അസുഖം വന്നു, നാളെ ഹൃദയ സ്തംഭനം ഉണ്ടായാൽ ഡ്രാമയിലെ നിയോഗം. അവർക്ക് വേറെയെവിടെയെങ്കിലും പാർട്ടഭിനയിക്കാൻ ഉണ്ടാകും, അതിനാൽ ദുഃഖത്തിന്റെ കാര്യമേയില്ല. ഡ്രാമ അഖണ്ഡമാണ്. അവർക്ക് വേറെ പാർട്ടഭിനയിക്കാനുണ്ട്, ചിന്തയുടെ കാര്യമേയില്ല. ഒന്നും കൂടി നന്നായി ഭാരതത്തിന്റെ സേവനം ചെയ്യും കാരണം മറ്റുള്ളവരുടെ മംഗളത്തിനു വേണ്ടി അങ്ങനെയുള്ള സംസ്ക്കാരമാണ് കൊണ്ടു പോകുന്നത്. അതിനാൽ സന്തോഷിക്കണ്ടേ. പറഞ്ഞു തരുന്നു– അമ്മ മരിച്ചാലും ഹലുവ കഴിക്കണം... ഇവിടെ ജ്ഞാനം ഉണ്ടായിരിക്കണം. നിങ്ങൾക്കറിയാം നമ്മൾ അഭിനേതാക്കളാണ്. ഒരോരുത്തർക്കും അവരവരുടെ പാർട്ടഭിനയിക്കണം. ഡ്രാമയിൽ അടങ്ങിയിട്ടുണ്ട്. ഒരു ശരീരം വിട്ട് മറ്റൊരു പാർട്ടഭിനയിക്കണം. ഇവിടെ നിന്ന് ഏത് സംസ്ക്കാരങ്ങളുമായാണോ പോകുന്നത് അവിടെ ഗുപ്ത രീതിയിൽ സേവനം ചെയ്യും. ആത്മാവിൽ സംസ്ക്കാരമുണ്ടല്ലോ. സേവനയുക്തരായ മുഖ്യരായ കുട്ടികളുടെ പേര് പ്രശസ്തമാകുന്നു. സേവനം ചെയ്യുന്നവർ, ഭാരതത്തിന്റെ മംഗളം ചെയ്യുന്നവർ കേവലം നിങ്ങൾ കുട്ടികളാണ്. ബാക്കിയെല്ലാവരും അമംഗളമാണ് ചെയ്യുന്നത്. പതിതമാക്കുന്നു. ഏതെങ്കിലും ഫസ്റ്റ് ക്ലാസ്സ് സന്യാസി മരിക്കുന്നു, അവർ ശരീരത്തെ അങ്ങനെയിരുത്തുന്നു– ശരീരം വിട്ട് ബ്രഹ്മത്തിൽ പോയി ലയിച്ചു ചേരും എന്ന ധാരണയിൽ. അവർക്ക് ആരുടെയും മംഗളം ചെയ്യാൻ സാധിക്കില്ല കാരണം അവർ മംഗളകാരി ബാബയുടെ സന്താനമല്ല. നിങ്ങൾ മംഗളകാരി ബാബയുടെ സന്താനമാണ്. നിങ്ങൾക്ക് ആരുടെയും അമംഗളം ചെയ്യാനാകില്ല. നിങ്ങൾ പോകുന്നത് തന്നെ മംഗളത്തിനു വേണ്ടിയാണ്. ഇതാണ് പതിത ലോകം. ബാബയുടെ ആജ്ഞയാണ് ഇപ്പോൾ വികാരി രചനയെ രചിക്കരുത്. ഇത് തമോപ്രധാനമാണ്. അരകല്പമായി നിങ്ങൾ പരസ്പരം കാമവികാരത്തിലൂടെ ദുഃഖം നല്കി വന്നു. ഈ രാവണന്റെ 5 ഭൂതങ്ങൾ നിങ്ങൾക്ക് ദുഃഖം നല്കുന്നു. ഇത് നിങ്ങളുടെ വളരെ വലിയ ശത്രുവാണ്. ബാക്കി സ്വർണ്ണത്തിന്റെ ലങ്കയൊന്നും ഉണ്ടായിരുന്നില്ല. ഇതെല്ലാം ഉണ്ടാക്കിയ കാര്യങ്ങളാണ്. ബാബ പറയുന്നു ഇത് പരിധിയില്ലാത്ത കാര്യങ്ങളാണ്. മുഴുവൻ മനുഷ്യ സൃഷ്ടിയും ഈ സമയത്ത് രാവണന്റെ ബന്ധനത്തിലാണ്. പുസ്തകങ്ങളിലും നല്ല ചിത്രങ്ങൾ കാണിച്ചിട്ടുണ്ട്– സർവ്വരും രാവണന്റെ ജയിലിൽ കിടക്കുന്നു, സർവ്വരും ശോകവാടികയിലാണ്. അശോകവാടിയകയില്ല. അശോക ഹോട്ടൽ ഇല്ല. ഇവിടെയുള്ളതെല്ലാം ദുഃഖത്തിന്റെ ഹോട്ടലുകളാണ്, വളരെ മോശമായ കൃത്യങ്ങൾ ചെയ്യുന്നു. നിങ്ങൾ കുട്ടികൾക്കറിയാം നല്ലവർ ആര്, മോശമായിട്ടുള്ളവര് ആര്? ഇപ്പോൾ നിങ്ങൾ പുഷ്പമായി കൊണ്ടിരിക്കുന്നു.

നിങ്ങൾ മനസ്സിലാക്കുന്നു ആത്മാവിൽ എത്ര വലിയ പാർട്ടാണ് അടങ്ങിയിട്ടുള്ളതെന്ന്. ഇത് വളരെ വിചിത്രമായ കാര്യങ്ങളാണ്. ഈ ചെറിയ ആത്മാവിൽ 84 ജന്മങ്ങളുടെ അവിനാശി പാർട്ട് അടങ്ങിയിട്ടുണ്ട്. പറയാറുണ്ട്–നമ്മൾ പതിതവും തമോപ്രധാനവുമാണെന്ന്. ഇപ്പോൾ അന്ത്യമാണ്. രക്തത്തിന്റെ നദിയാണ് കാണാൻ പോകുന്നത്. ഒരു ബോംബിലൂടെ എത്രയോ പേർ മരിക്കുന്നു. നിങ്ങൾക്കറിയാം ഈ പഴയ ലോകം നശിക്കാറായി. ഇത് പഴയ ശരീരമാണ്, പഴയ ലോകമാണ്. നമുക്ക് പുതിയ ലോകത്തിൽ പുതിയ ശരീരം ലഭിക്കും, അതിനാൽ ശ്രീമത്തനുസരിച്ച് പുരുഷാർത്ഥം ചെയ്തു കൊണ്ടിരിക്കുന്നു. തീർച്ചയായും ഈ കുട്ടികളെല്ലാം ബാബയുടെ സഹയോഗികളാണ്. ശ്രീ ശ്രീയുടെ ശ്രീമത്തനുസരിച്ച് നമ്മൾ ശ്രീലക്ഷ്മീ, ശ്രീനാരായണനായി മാറുന്നു. വൈസ് പ്രസിഡന്റിനെ പ്രസിഡന്റ് എന്നു വിളിക്കില്ല. അത് ഒരിക്കലും സാധ്യമല്ല. കല്ലിലും മുള്ളിലും ഭഗവാൻ എങ്ങനെ അവതരിക്കാൻ സാധിക്കും. പാടുന്നു യദാ യദാഹി..... എപ്പോ

ഴാണൊ തീർത്തും പതിതമാകുന്നത്, കലിയുഗത്തിന്റെ അന്ത്യം സമീപത്ത് വരുന്നത് അപ്പോൾ എനിക്ക് വരേണ്ടിയിരിക്കുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ എന്നെ ഓർമ്മിക്കൂ. ബാബ ചോദിക്കുന്നു-ബാബയുടെ ഓർമ്മ നില നില്ക്കുന്നുണ്ടോ? പറയുന്നു ബാബാ അടിക്കടി മറന്നു പോകുന്നുവെന്ന്. എന്തു കൊണ്ട്? ലൗകിക അച്ഛനെ ഒരിക്കലും മറക്കുന്നില്ല. ഈ കാര്യം തീർത്തും പുതിയതാണ്. ബാബ നിരാകാരൻ, ബിന്ദുവാണ്. ഈ അഭ്യാസമില്ല. പറയാറില്ലേ- ഞങ്ങൾ ഇത് വരെ ഇങ്ങനെ കേട്ടിട്ടുമില്ല, ഇങ്ങനെ ഓർമ്മിച്ചിട്ടുമില്ല. ദേവതമാർക്കും ഈ ജ്ഞാനമില്ല. ഈ ജ്ഞാനം പ്രായേണ ലോപിക്കുന്നു. അവരെ സ്വദർശന ചക്രധാരിയെന്നു പോലും പറയില്ല. വിഷ്ണുവിന്റെ രണ്ടു രൂപം ലക്ഷ്മീ നാരായണൻ എന്നു പറയുന്നു. കുടുംബ മാർഗ്ഗത്തെയാണ് രണ്ടു രൂപമായി കാണിക്കുന്നത്. ബ്രഹ്മാ സരസ്വതി, ശങ്കർ പാർവ്വതി, ലക്ഷ്മീ നാരായണൻ. ഉയർന്നതിലും വെച്ച് ഉയർന്നത് ബാബയാണ്, പിന്നെ രണ്ടാമത്, മൂന്നാമത്.... ഇപ്പോൾ ബാബ പറയുന്നു കുട്ടികളെ ദേഹ സഹിതം ദേഹത്തിന്റെ സർവ്വ ധർമ്മങ്ങളെയും ഉപേക്ഷിക്കൂ, സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കൂ. ഞാൻ ആത്മാവ് ബാബയുടെ കുട്ടിയാണ്. ഞാൻ സന്യാസിയല്ല. ബാബയെ ഓർമ്മിക്കൂ, ഈ ദേഹത്തിന്റെ ധർമ്മത്തെ മറക്കൂ. വളരെ സഹജമാണ്. ഇപ്പോൾ ബാബയുടെ ഒപ്പമാണ് ഇരിക്കുന്നത്. ബാബ ബ്രഹ്മാവിലൂടെ മനസ്സിലാക്കി തരുന്നു. ബാപ്ദാദ രണ്ടും ഒരുമിച്ചാണ്. ഏതു പോലെ ഇരട്ടകൾ ജനിക്കുന്നു, അതേപോലെ രണ്ടു പേരുടെയും പാർട്ട് ഒരുമിച്ചാണ്. കുട്ടികൾക്ക് മനസ്സിലാക്കി തന്നു- അവസാന നിമിഷവും ബാബയുടെ സ്മൃതിയിലായിരിക്കണം. ശരീരം ഉപേക്ഷിക്കുന്ന സമയത്ത്, ബുദ്ധി എവിടേയ്ക്കെങ്കിലും പോയാൽ അവിടെ പോയി ജന്മമെടുക്കേണ്ടി വരും. അന്തിമ സമയത്ത് പതിയുടെ മുഖമാണ് കാണുന്നതെങ്കിൽ ബുദ്ധി അങ്ങോട്ടേയ്ക്ക് പോകുന്നു. അന്തിമ സമയത്ത് ഏത് സ്മൃതിയിലാണോ അതിന്റെ വളരെ പ്രഭാവമുണ്ടാകും. ആ സമയത്ത് കൃഷ്ണനെ പോലെയുള്ള കുട്ടിയാകണം എന്ന സ്മൃതി വന്നുവെങ്കിൽ നല്ലത്. വളരെ സുന്ദരനായ കുട്ടിയായി ജന്മമെടുക്കും. ഇപ്പോൾ അന്തിമ സമയത്ത് ഒന്നിന്റെ തന്നെ സ്മൃതി ഉണ്ടാകണമല്ലോ. ഈ സമയത്ത് നിങ്ങൾ എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത്? അറിയാം നമ്മൾ ശിവബാബയെ ഓർമ്മിച്ചു കൊണ്ടിരിക്കുന്നു. സർവ്വർക്കും സാക്ഷാത്ക്കാരം ഉണ്ടാകുന്നു. കൃഷ്ണനും രാധയും കിരീടധാരികളാണ്. പ്രിൻസ് പ്രിൻസസ് ആയി തീരും. എപ്പോൾ? സത്യയുഗത്തിലോ അതോ ത്രേതായുഗത്തിലോ? അത് പുരുഷാർത്ഥത്തിനനുസരിച്ച്. എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവൊ അത്രത്തോളം ഉയർന്ന പദവി ലഭിക്കും. നിങ്ങൾ പറയാറുണ്ട്- ഞങ്ങൾ 21 ജന്മത്തേയ്ക്ക് രാജ്യ പദവി നേടും. മമ്മാ ബാബാ നേടുന്നുവെങ്കിൽ നമുക്ക് എന്തു കൊണ്ട് അംഗീകരിച്ചു കൂടാ. ജ്ഞാനത്തെ ധാരണ ചെയ്ത് ചെയ്യിക്കണം, അത്രയും സേവനം ചെയ്യണം എങ്കിലേ 21 ജന്മത്തേയ്ക്ക് പ്രാപ്തി ലഭിക്കുകയുള്ളൂ. സ്ക്കൂളിൽ നല്ല രീതിയിൽ പ്രയത്നിക്കാത്തവർ കുറഞ്ഞ മാർക്ക് നേടുന്നു.ഇപ്പോൾ നിങ്ങൾ 5 വികാരങ്ങളാകുന്ന മായ രാവണന്റെ മേൽ വിജയം പ്രാപ്തമാക്കുന്നു. നിങ്ങളുടേത് അഹിംസക യുദ്ധമാണ്. രാമന് ലക്ഷ്യം ഒന്നും കാണിക്കുന്നില്ലായെങ്കിൽ പിന്നെ സൂര്യവംശി ചന്ദ്രവംശിയെന്ന് എങ്ങനെ പറയാൻ സാധിക്കും. അതിനാൽ ബാബ പറയുന്നു നിങ്ങൾ എത്രമാത്രം പുരുഷാർത്ഥം ചെയ്യുന്നുവൊ അത്രയും അവസാനം ബാബയുടെ ഓർമ്മയിൽ പോകാൻ സാധിക്കും. ദേഹത്തിന്റെ പോലും ചിന്ത ഉണ്ടാകാൻ പാടില്ല, സർവ്വരെയും മറക്കണം. ബാബ പറയുന്നു നിങ്ങൾ അശരീരീയായി വന്നു, അശരീരീയായി തന്നെ പോകണം. ഇത്രയും ചെറിയ ബിന്ദുവാണ് ഈ ചെവികളിലൂടെ കേൾക്കുന്നത്, മുഖത്തിലൂടെ സംസാരിക്കുന്നു. നമ്മൾ ആത്മാവ് ഒരു ശരീരം വിട്ട് മറ്റൊന്നിലേക്ക് പോകുന്നു. ഇപ്പോൾ നമ്മൾ വീട്ടിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്നു. ബാബ അലങ്കരിച്ചു കൊണ്ടിരിക്കുന്നു, അതിലൂടെ മനുഷ്യനിൽ നിന്നും ദേവതയായി മാറുന്നു. നിങ്ങൾക്കറിയാം ബാബയെ ഓർമ്മിക്കുന്നതിലൂടെയാണ് നമ്മൾ അങ്ങനെയാകുന്നത്. ഗീതയിലുമുണ്ട്- എന്നെ ഓർമ്മിക്കൂ, സമ്പത്തിനെ ഓർമ്മിക്കൂ എങ്കിൽ സ്വർഗ്ഗത്തിന്റെ അധികാരിയായി തീരും. തീർത്തും സഹജമാണ്. മനസ്സിലാക്കുന്നു- നമ്മൾ കല്പ കല്പം അങ്ങയിൽ നിന്നും ബ്രഹ്മാവിലൂടെ സമ്പത്തെടുക്കുന്നു. പാടാറുണ്ടല്ലോ- ബ്രഹ്മാവിലൂടെ ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപനയെന്ന്. പരാജയപ്പെടുന്നതിലൂടെ പിന്നെ ത്രേതായിലെ ക്ഷത്രിയ ധർമ്മത്തിലേക്ക് പോകുന്നു. ബ്രഹ്മാവിലൂടെ ബ്രാഹ്മണ, ദേവതാ, ക്ഷത്രിയ ധർമ്മത്തിന്റെ സ്ഥാപന നടക്കുന്നു. സത്യയുഗത്തിൽ മറ്റൊരു ധർമ്മവുമില്ല, സർവ്വതും പിന്നീടാണ് വരുന്നത്. അതുമായി നമുക്ക് യാതൊരു ബന്ധവുമില്ല. ഭാരതവാസികൾ മറന്നു പോയി - നമ്മൾ ആദി സനാതന ദേവീ ദേവതാ ധർമ്മത്തിലേതായിരുന്നുവെന്ന്. ഡ്രാമയിലെ പാർട്ട് ഇങ്ങനെ ഉണ്ടാക്കപ്പെട്ടിരിക്കുകയാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ശ്രീമത്തനുസരിച്ച് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. ഡ്രാമയിൽ ഉറച്ചിരിക്കണം. ഒരു കാര്യത്തിന്റെയും ചിന്ത പാടില്ല.

2) അന്തിമ സമയത്ത് ഒരേയൊരു ബാബയുടേതല്ലാതെ മറ്റാരുടേയും ഓർമ്മ വരരുത്, അതിനാൽ ഈ ദേഹത്തെ പോലും മറക്കുന്നതിനുള്ള അഭ്യാസം ചെയ്യണം. അശരീരിയാകണം.

**വരദാനം:-മനസ്സും ബുദ്ധിയും കൊണ്ട് യാതൊരു മോശമായതിനെയും സ്പർശിക്കാത്ത സമ്പൂർണ്ണ വൈഷ്ണവരും സഫല തപസ്വിയുമായി ഭവിക്കട്ടെ.**

പവിത്രതയുടെ വ്യക്തിത്വവും കുലീനതയും ഉള്ള മനോ-ബുദ്ധി കൊണ്ട് യാതൊരു മോശമായതിനെയും തൊടാൻ കഴിയില്ല. ബ്രാഹ്മണ ജീവിതത്തിൽ ശാരീരിക ആകർഷണവും ശാരീരിക സ്പർശനവും അപവിത്രതയാണ് എന്നത് പോലെ മനോ-ബുദ്ധിയിൽ ഏതെങ്കിലും വികാരത്തിന്റെ സങ്കൽപമാത്ര ആകർഷണവും സ്പർശനവും അപവിത്രതയാണ്. അതിനാൽ ഏതൊരു തിന്മയെയും സങ്കൽപത്തിൽ പോലും സ്പർശിക്കരുത്- ഇത് തന്നെയാണ് സമ്പൂർണ്ണ വൈഷ്ണവർ അഥവാ സഫല തപസ്വിയുടെ അടയാളം.

**സ്ലോഗൻ:- മനസ്സിന്റെ അലച്ചിലിനെ സമാപ്തമാക്കി വർത്തമാനത്തെയും ഭാവിയെയും ഉജ്ജ്വലമാക്കൂ.**